# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **1004** | **12/06/2014** ൽ മറുപടിക്ക്

### സൗജന്യ യൂണിഫോം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>,, ഷാഫി പറമ്പിൽ<br>,, എ. പി . അബ്ദുള്ളക്കുട്ടി<br>,, ബെന്നി ബെഹനാൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ വിശദമാക്കുമോ;

ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിദാംശങ്ങൾ വ്യക്തമാക്കാമോ;

സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഡി) എല്ലാ കുട്ടികൾക്കും യൂണിഫോം വിതരണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എ) & ബി) & സി) & ഡി) രൂപീകരിച്ചിട്ടുണ്ട്. കുട്ടികളെ സ്കൂളുകളിലേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി MHRD യുടെ നിർദ്ദേശപ്രകാരമാണ് 2012-13 വർഷം മുതൽ എസ്.എസ്.എ മുഖാന്തിരം . സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്കാണ് സൗജന്യയൂണിഫോം വിതരണം ചെയ്തു തുടങ്ങി. ഒരു കുട്ടിക്ക് രണ്ട് ജോഡി യൂണിഫോമിന് 400/- രൂപ ക്രമത്തിലാണ് തുക അനുവദിക്കുന്നത്. എന്നാൽ എയിഡഡ് മേഖലയിൽ പഠിക്കുന്ന ഇതേ കാറ്റഗറിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം എം.എച്ച്.ആർ.ഡി മാനദണ്ഡം അനുസരിച്ച് ലഭിക്കുന്നതല്ല. വിവേചനപരമായ ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കുന്നതിനാണ് സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ 2013-14 ൽ അംഗീകാരം നൽകി.

ഈ വിദ്യാർത്ഥിക്ഷേമ പദ്ധതിയിലൂടെ പൊതു വിദ്യാഭ്യാസ മേഖലയിലെ വിവേചനം അവസാനിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.**2013-14** അധ്യയന

വർഷം പദ്ധതി നടപ്പിലാക്കുന്നതിനായി 8 കമ്പനികളെ ഇ-ടെണ്ടർ മുഖാന്തിരം എംപാനൽ ചെയ്യുകയുണ്ടായി. ഇ-ടെൻഡർ നടപടിക്രമത്തിലൂടെ കമ്പനികളെ എംപാനൽ ചെയ്യുന്നതിനും ഈ കമ്പനികളിൽ നിന്നും എസ്.എം.സി/പി.റ്റി.എ കൾ യൂണിഫോമിന് ഓർഡർ നൽകുന്നതിനും കൂടുതൽ സമയം ആവശ്യമായി വന്നു. ഇക്കാരണത്താൽ പദ്ധതി നടപ്പിലാക്കുവാൻ കാലതാമസം നേരിടുകയുമുണ്ടായി. യൂണിഫോം തുണിത്തരങ്ങൾ എംപാനൽ ചെയ്യപ്പെട്ട കമ്പനികളിൽ നിന്നോ ഗുണനിലവാരം ഉറപ്പാക്കി ഓപ്പൺ മാർക്കറ്റിൽ നിന്നോ സ്കൂളധികാരികൾക്ക് വാങ്ങാമെന്നും ഉത്തരവ് നൽകിയിരുന്നു.

**2014-15** അധ്യയന വർഷത്തേക്ക് സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന ഒന്ന് മുതൽ എട്ട് വരെയുള്ള എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക് **2** ജോഡി യൂണിഫോമിന് **400/-** രൂപ ക്രമത്തിൽ എസ്.എസ്.എ മുഖാന്തിരം നടപ്പാക്കാൻ കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. **2014-15** അധ്യയന വർഷത്തേക്ക് എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സുകളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും **2** ജോഡി യൂണിഫോം വിതരണം ചെയ്യുന്നതിന് ഒരു കുട്ടിക്ക് **400/-** രൂപ നിരക്കിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

Illegible signature

സെക്ഷൻ ഓഫീസർ